## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - ഡോ. മഹേശ്വർ വിജയ്, അസിസ്റ്റന്റ് സർജൻ - ശൂന്യവേതനാവധിയിലുള്ള പി.ജി. പഠനം കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിപ്പിച്ച് നിയമനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. മേലെഴുത്ത് നം. ഇ.ബി.3/38747/202/ആ.വ.ഡ., തീയതി: 02/07/2020.

2. ഉത്തരവ് നം. ഇ1/21631/2018/ഡി.ഐ.എം.എസ്., തീയതി: 30/06/2020.

**ഉത്തരവ് നം. ഇ.എ.2-555/2020/ആ.വ.ഡ., തീയതി : 03/07/2020.**

ശൂന്യവേതനാവധിയിൽ പി.ജി. പഠനത്തിൽ തുടരുന്ന അസിസ്റ്റന്റ് സർജനായ ഡോ. മഹേശ്വർ വിജയ് –ന്റെ പഠന കാലയളവ് 07/06/2020 -ന് അവസാനിക്കുന്നതിനാൽ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കാൻ സൂചന പ്രകാരം നിർദ്ദേശിച്ചിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഡോ. മഹേശ്വർ വിജയ്, അസിസ്റ്റന്റ് സർജനെ കുടുംബാരോഗ്യ കേന്ദ്രം, കുളത്തൂർ, തിരുവനന്തപുരം നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

പരാമർശം (2) ഉത്തരവ് പ്രകാരം ടിയാന് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പിൽ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ തസ്തികയിൽ നിയമനം ലഭിച്ചിരിക്കുന്നതിനാൽ ടിയാനെ ജോലിയിൽ പ്രവേശിപ്പിച്ച ശേഷം വിടുതൽ ചെയ്യുന്നതിനുള്ള നടപടി തിരുവനന്തപുരം, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) സ്വീകരിക്കേണ്ടതാണ്.

ജില്ലാ മെഡിക്കൽ ഓഫീസറും സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് മേൽ നടപടിയ്ക്കായി ഉപയോഗിക്കേണ്ടതാണ്.

(ഒപ്പ്)

ഡോ. സരിത ആർ. എൽ.

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:

- ഡോ. മഹേശ്വർ വിജയ്, അസിസ്റ്റന്റ് സർജൻ.

പകർപ്പ്:-

1. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരം.
3. മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്, കുടുംബാരോഗ്യ കേന്ദ്രം, കുളത്തൂർ, തിരുവനന്തപുരം.
4. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ജിആർആർ-03/07